"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് — മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ 2019 ൽ ഉണ്ടായ മണ്ണിടിച്ചിലിൽ വീടും സ്ഥലവും ഭാഗികമായി നഷ്ടപ്പെട്ട ശ്രീമതി ലത, പുത്തൻവീട്ടിൽ — സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.129/2026/DMD   തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-   1. 23/08/2019 തീയതിയിലെ സ.ഉ (കൈ) 25/2019/DMD.

2. 09/12/2025 തീയതിയിലെ മലപ്പുറം ജില്ലാ കളക്ടറുടെ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മലപ്പുറം നഗരസഭയിലെ 17-ാം വാർഡിൽ ഉൾപ്പെട്ട കോട്ടക്കുന്നിൽ 2019-ൽ ഉണ്ടായ മണ്ണിടിച്ചിലിൽ ശ്രീമതി ലത, പുത്തൻവീട്ടിൽ (വീട്), കോട്ടക്കുന്ന് എന്നവരുടെ വീടും സ്ഥലവും ഭാഗികമായി നഷ്ടപ്പെട്ടതായി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ജില്ലാ ജിയോളജിസ്റ്റിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം പ്രസ്തുത സ്ഥലം പരിശോധിച്ചപ്പോൾ, സ്ഥലത്തിന്റെ ഭൗമശാസ്ത്രപരമായ സാഹചര്യങ്ങൾ പരിഗണിച്ച് ശ്രീമതി ലത, പുത്തൻവീട്ടിൽ എന്നവരെ അവിടെ നിന്ന് സ്ഥിരമായി മാറ്റിപ്പാർപ്പിക്കേണ്ടതുണ്ടെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, അപേക്ഷകയുടെ പേരിൽ വാസയോഗ്യമായ ഭൂമിയോ വീടോ ഇല്ലെന്നുള്ള സത്യവാങ്മൂലം ഏറനാട് തഹസിൽദാർ ലഭ്യമാക്കിയിട്ടുള്ളതാണെന്നും മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശിച്ച സാഹചര്യങ്ങൾ പരിഗണിച്ച്, ശ്രീമതി ലത, പുത്തൻവീട്ടിൽ (വീട്), കോട്ടക്കുന്ന് എന്നവർക്കു സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാ കളക്ടർ, മലപ്പുറം

റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)

ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 09-03-2026 10:02:40**
സെക്ഷൻ ഓഫീസർ